## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 109** — **01-02-2024 - ൽ മറുപടിയ്ക്ക്**

## പൊതുമരാമത്ത് റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന റോഡുകൾ ഈടുനിൽക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | കേരളത്തിലെ റോഡുകൾ കൂടുതൽ ഈ<br>നിൽക്കുന്നതിനാവശ്യമായ പഠനങ്ങ<br>നടത്തുന്നുണ്ട്. ഹോട്ട് മിക്സ് അസ്ഫാൽറ്റി<br>ഈർപ്പ സംവേദനക്ഷമതയെക്കുറിച്ചുള്ള പഠ<br>കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടി<br>നടക്കുന്നുണ്ട്. പ്രസ്തുത ഗവേഷണ പദ്ധതിയു<br>ഒന്നാം ഘട്ടം പൂർത്തിയായി. തിരുവനന്തപുര<br>കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളെയാ<br>ഗവേഷണ പദ്ധതിയുടെ ഒന്നാംഘട്ടത്തി<br>പരിഗണിച്ചത്. ഗവേഷണത്തിന്റെ ഒന്നാം ഘ<br>നിഗമനമനുസരിച്ച് കേരളത്തിൽ കാണപ്പെടു<br>പാറകളിൽ ഉയർന്ന സിലിക്കയുടെ അംശ<br>കേരളത്തിലെ റോഡുകളുടെ ഈടുനിൽപ്പി<br>ബാധിക്കുന്ന ഒരു ഘടകമാണ്. മറ്റ് ജില്ലക<br>പരിഗണിച്ച് പദ്ധതിയുടെ രണ്ടാം ഘ<br>പുരോഗമിച്ചു വരുകയാണ്. |
| (ബി) | റോഡിന്റെ ഗുണനിലവാരം കർശനമായി പാലിക്കുന്നതിനുള്ള പരിശോധനകൾ കൃത്യമായി നടത്താത്തവർക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ; വിശദാംശം നൽകുമോ; | (ബി) | പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന റോഡുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി രണ്ടു തലത്തിലുള്ള ഗുണനിലവാര പരിശോധനകൾ നടത്തി വരുന്നു. ഒന്നാംഘട്ട ഗുണനിലവാര പരിശോധനകൾ ബന്ധപ്പെട്ട കരാറുകാരനും രണ്ടാംഘട്ട ഗുണനിലവാര പരിശോധന പൊതുമരാമത്ത് വകുപ്പിലെ അതാത് ജില്ലയിലെ ക്വാളിറ്റി കൺട്രോൾ വിഭാഗവുമാണ് നടത്തുന്നത്. പ്രവർത്തികളുമായി ബന്ധപ്പെട്ട നിർവ്വഹണ വിഭാഗത്തിൽ നിന്നും അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് ക്വാളിറ്റി കൺട്രോൾ വിഭാഗം ഗുണനിലവാര പരിശോധനകൾ നടത്തുന്നു. ഗുണനിലവാര പരിശോധനകൾ കർശനമായി നടപ്പാക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് നിർദേശം നല്കിയിട്ടുണ്ട്. മേൽ ഗുണനിലവാര പരിശോധനകളിൽ വീഴ്ച ഉണ്ടായാൽ |

| | | | |
|---|---|---|---|
| | | | നിർവ്വഹണ വിഭാഗത്തിന്റെ നിർദ്ദേശപ്രകാരം വകുപ്പ് വിജിലൻസ് വിഭാഗം നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഗുണനിലവാരം ഉറപ്പാക്കുന്നതിനായി മരാമത്ത് മാനുവൽ ഭേദഗതി ചെയ്യുന്നതിനും ഉന്നത ഉദ്യോഗസ്ഥ തസ്തികകൾ പുന:ക്രമീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (സി) | ഗുണനിലവാരം ഉറപ്പാക്കുന്നതിനായുള്ള നടപടിക്രമം ഉൾപ്പെടുത്തിക്കൊണ്ട് പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി കൺട്രോൾ മാന്വൽ 2015 പബ്ലിഷ് ചെയ്തിട്ടുണ്ട്. ഇതിലെ നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പിലാക്കി വരുന്നു. ഭേദഗതി ആവശ്യമായി വരുന്ന ഘട്ടത്തിൽ ക്വാളിറ്റി കൺട്രോൾ മാന്വൽ പുനഃക്രമീകരിക്കാറുണ്ട് |

സെക്ഷൻ ഓഫീസർ